## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6292** **20.11.2019-ൽ മറുപടിക്ക്**

## തൊഴിലാളികളുടെ പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ടി.ജെ. വിനോദ്** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് സംഘടിത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് ഏത് തരം പെൻഷനാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് സംഘടിത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് ഇ.പി.എഫ് പെൻഷനാണ് നിലവിലുള്ളത്. കൂടാതെ തൊഴിൽ വകുപ്പിനു കീഴിലുള്ള കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരളാ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള പീടിക-വാണിജ്യ-സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകൾ സ്വന്തം ഫണ്ടിൽ നിന്നും പെൻഷൻ തൊഴിലാളികൾക്കു നൽകി വരുന്നു. |
| (ബി) കോൺട്രിബ്യൂട്ടറി പെൻഷൻ സംഘടിത വ്യവസായ മേഖലയിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ക്ഷേമനിധി ബോർഡുകൾ വഴി ഇപ്പോൾ തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ വളരെ തുച്ഛമാണെന്നത് വസ്തുതയല്ലേ; എങ്കിൽ ഇത് കാലോചിതമായ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2016-ൽ ക്ഷേമനിധി പെൻഷനുകൾ 600/- രൂപയിൽ നിന്നും 1000/- രൂപയായും 2017-ൽ 1100/- രൂപയായും 2019-ൽ 1200/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ